കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2026 ഒക്ടോബർ 22 **website: www.uoc.ac.in**

പരീക്ഷാ തിയതിയിൽ മാറ്റം

ഒക്ടോബർ 23-ന് തുടങ്ങാനിരുന്ന മൂന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം - 2022 പ്രവേശനം) സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾ ഒക്ടോബർ 30-ന് തുടങ്ങും. കേന്ദ്രം : ടാഗോർ നികേതൻ, കാലിക്കറ്റ് സർവകലാശാലാ ക്യാമ്പസ്. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

ഒക്ടോബർ 28-ന് നടത്താനിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർഥികൾക്കുള്ള മൂന്നാം സെമസ്റ്റർ എം.എ., എം.എസ് സി., എം.കോം., എം.എസ്.ഡബ്ല്യൂ., എം.എ. ജേണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ, എം.ടി.ടി.എം., എം.ടി.എച്ച്.എം., എം.എച്ച്.എം., എം.എസ് സി. ഹെൽത് ആന്റ് യോഗാ തെറാപ്പി - (2022 പ്രവേശനം) സെപ്റ്റംബർ 2026, എം.എസ് സി. മാത്തമാറ്റിക്സ് വിത് ഡാറ്റാ സയൻസ് - (2020 പ്രവേശനം) സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളും വിദൂര വിഭാഗം വിദ്യാർഥികൾക്കുള്ള മൂന്നാം സെമസ്റ്റർ എം.എ., എം.എസ് സി., എം.കോം. - (2022 പ്രവേശനം) സെപ്റ്റംബർ 2026, (2021 പ്രവേശനം) സെപ്റ്റംബർ 2025 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളും നവംബർ 03-ന് നടത്തും. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

പി.ആർ. 1481/2026

ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷ

മൂന്നാം സെമസ്റ്റർ എൽ.എൽ.ബി. യൂണിറ്ററി ഡിഗ്രി (2015 സ്കീം - 2019 പ്രവേശനം) സെപ്റ്റംബർ 2026 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകൾ നവംബർ 13-ന് തുടങ്ങും. കേന്ദ്രം : ടാഗോർ നികേതൻ, കാലിക്കറ്റ് സർവകലാശാലാ ക്യാമ്പസ്. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

പി.ആർ. 1482/2026

പരീക്ഷ അപേക്ഷ

സർവകലാശാലാ പഠനവകുപ്പിലെ രണ്ടാം സെമസ്റ്റർ പി.ജി. ഡിപ്ലോമ ഇൻ ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് (പ്രോജക്ട് മോഡ്) (2024 പ്രവേശനം മുതൽ) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ നവംബർ 02 വരെയും 210 രൂപ പിഴയോടെ 04 വരെയും അപേക്ഷിക്കാം. ലിങ്ക് ഒക്ടോബർ 26 മുതൽ ലഭ്യമാകും.

പി.ആർ. 1483/2026

പരീക്ഷ

അഫിലിയേറ്റഡ് കോളേജുകൾ / സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസുകളിലെ മൂന്നാം സെമസ്റ്റർ എം.ബി.എ. (ഫുൾ ടൈം ആന്റ് പാർട്ട് ടൈം), എം.ബി.എ. ഹെൽത്ത് കെയർ മാനേജ്മെന്റ്, എം.ബി.എ. ഇന്റർനാഷണൽ ഫിനാൻസ് (സി.യു.സി.എസ്.എസ് - 2024 സ്കീം - 2024 പ്രവേശനം മുതൽ) ജനുവരി 2027 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ നവംബർ 23-ന് തുടങ്ങും. വിശദമായ സമയക്രമം വെബ്സൈറ്റിൽ.

പി.ആർ. 1484/2026

പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ ബി.എച്ച്.എം. ആന്റ് സി.ടി. (2023 പ്രവേശനം), ബി.എച്ച്.എം. (2021, 2022 പ്രവേശനം) ഏപ്രിൽ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് നവംബർ 11 വരെ അപേക്ഷിക്കാം.

പി.ആർ. 1485/2026